**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണവകുപ്പ്- ജീവനക്കാര്യം - കോഴിക്കോട് ജില്ലയിലെ ചെക്യാട് ഗ്രാമപഞ്ചായത്തിൽ ഓഫീസ് അറ്റൻഡന്റായിരിക്കെ മരണമടഞ്ഞ ഹരിദാസ്. എം ന്റെ മകനും ആശ്രിതനുമായ ശ്രീ. മിഥുൻ. എം.കെ കോഴിക്കോട് ജില്ലയിൽ പഞ്ചായത്ത് വകുപ്പിൽ ക്ലാർക്ക് തസ്തികയിൽ നിയമനം നൽകുന്നതിന് അനുമതി നൽകി ഉത്തരവു പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

സ.ഉ.(എം.എസ്) നം. 95/2017/തസ്വഭവ. തീയതി, തിരുവനന്തപുരം, 11.05.2017

---

പരാമർശം :
1) ജി.ഒ.(പി) നം. 12/99/പി & എ ആർ.ഡി തീയതി, 24/5/1999.
2) ശ്രീ. മിഥുൻ. എം.കെ യുടെ 23.02.2015 ലെ അപേക്ഷ
3) പഞ്ചായത്ത് ഡയറക്ടറുടെ 25.07.2016 ലെ E14-12265/2015, 01.03.2017 ലെ E14-2336/2017 നമ്പർ കത്തുകൾ.
4) കോഴിക്കോട് ജില്ലാ കളക്ടറുടെ 20.05.2016 ലെ S4-2075/16 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കോഴിക്കോട് ജില്ലയിലെ ചെക്യാട് ഗ്രാമപഞ്ചായത്തിൽ ഓഫീസ് അറ്റൻഡന്റായിരിക്കെ മരണമടഞ്ഞ ഹരിദാസ്. എം ന്റെ മകനും ആശ്രിതനുമായ ശ്രീ. മിഥുൻ. എം.കെ സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നിയമനം ലഭിക്കുന്നതിനായി പരാമർശം (2) പ്രകാരം പഞ്ചായത്ത് ഡയറക്ടർ മുഖേന അപേക്ഷ സമർപ്പിച്ചു. പരേതനായ ഹരിദാസ്. എം ന് 17 വർഷവും 1 മാസവും 22 ദിവസവും സേവനകാലമുണ്ട്.

2. കോഴിക്കോട് ജില്ലയിലെ ചെക്യാട് ഗ്രാമപഞ്ചായത്തിൽ ഓഫീസ് അറ്റൻഡന്റായിരിക്കെ 17.10.2014 ലാണ് ഹരിദാസ്. എം നിര്യാതനാവുന്നത്. അപേക്ഷകനായ ശ്രീ. മിഥുൻ. എം.കെ പരേതന്റെ മകനാണ്. ടിയാൻ നിശ്ചിത സമയപരിധിയ്ക്കകം അപേക്ഷ നൽകിയിട്ടുണ്ട്. അപേക്ഷകന്റെ ജനനതീയതി 27.05.1989 ആണ്. 28 വയസ്സ് പൂർത്തിയായിട്ടുണ്ട്. അപേക്ഷകൻ എസ്.എസ്.എൽ.സി പാസ്സായിട്ടുണ്ട്. പഞ്ചായത്ത് വകുപ്പിൽ കോഴിക്കോട് ജില്ലയിൽ ക്ലാർക്ക് തസ്തികയിൽ നിയമനത്തിനായാണ് ടിയാൻ അപേക്ഷിച്ചിട്ടുള്ളത്. പ്രസ്തുത തസ്തികയിൽ നിയമനം ലഭിക്കുന്നതിന് അപേക്ഷകന് അർഹതയുണ്ട്.

3. അപേക്ഷയോടൊപ്പം പരേതനായ ഹരിദാസ്. എം ന്റെ മരണസർട്ടിഫിക്കറ്റ്, അനന്തരാവകാശ സർട്ടിഫിക്കറ്റ് എന്നിവയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ, സേവന സാക്ഷ്യപത്രം, അപേക്ഷകന്റെ പ്രായം, വിദ്യാഭ്യാസ യോഗ്യത എന്നിവ തെളിയിക്കുന്ന രേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ, അപേക്ഷകന്റെ വരുമാന സർട്ടിഫിക്കറ്റ്, സത്യവാങ്മൂലം, അനന്തരാവകാശ സർട്ടിഫിക്കറ്റിലെ മറ്റ് അവകാശികളുടെ സമ്മതപത്രം തുടങ്ങിയ രേഖകളെല്ലാം സമർപ്പിച്ചിട്ടുണ്ട്. ടിയാന്റെ കുടുംബവാർഷിക വരുമാനം 24,000/- രൂപയാണ്. പഞ്ചായത്ത് ഡയറക്ടറും കോഴിക്കോട് ജില്ലാ കളക്ടറും അപേക്ഷ ശിപാർശ ചെയ്തിട്ടുണ്ട്.

4. മേൽ സാഹചര്യത്തിൽ കോഴിക്കോട് ജില്ലയിലെ ചെക്യാട് ഗ്രാമപഞ്ചായത്തിൽ ഓഫീസ് അറ്റൻഡന്റായിരിക്കെ മരണമടഞ്ഞ ഹരിദാസ്. എം ന്റെ ആശ്രിതൻ ശ്രീ. മിഥുൻ. എം.കെ യുടെ (ലക്ഷ്മീനാരായണാലയം, വേട്ടുമ്മൽ, തൂണേരി. പി.ഒ, കോഴിക്കോട് - 673 505) വയസ്സ്, വിദ്യാഭ്യാസ യോഗ്യത, മെഡിക്കൽ ഫിറ്റ്നസ്സ് മുതലായവയുടെ അസ്സൽ സാക്ഷ്യപത്രങ്ങൾ പരിശോധിച്ച് പരാമർശം (1) ലെ സർക്കാർ ഉത്തരവിലെ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ കോഴിക്കോട് ജില്ലയിൽ പഞ്ചായത്ത് വകുപ്പിൽ നിലവിലുള്ളതോ/ അടുത്ത് ഉണ്ടാകാൻ സാധ്യതയുള്ളതോ ആയ ക്ലാർക്ക് തസ്തികയിൽ നിയമനം നൽകുന്നതിന് പഞ്ചായത്ത് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവു പുറപ്പെടുവിക്കുന്നു.

5. പഞ്ചായത്ത് ഡയറക്ടർ മരണമടഞ്ഞ ഹരിദാസ്. എം ന്റെ സേവന പുസ്തകത്തിലും എസ്റ്റാബ്ളിഷ്മെൻറ് രജിസ്റ്ററിലും ആശ്രിത നിയമനം നൽകിയത് സംബന്ധിച്ച് ആവശ്യമായ രേഖപ്പെടുത്തലുകൾ നടത്തേണ്ടതാണ്. സർക്കാരിന്റെ വിവിധ ഏജൻസികൾ മുഖാന്തിരം നടത്തുന്ന അന്വേഷണത്തിലോ അപേക്ഷ നൽകുന്ന സമയത്തോ തെറ്റായ വിവരം നൽകുകയോ, യഥാർത്ഥ വിവരം മറച്ചു വയ്ക്കുകയോ ചെയ്ത് ആശ്രിതനിയമനം കരസ്ഥമാക്കിയതായി വെളിപ്പെട്ടാൽ ടിയാന് ആശ്രിതനിയമന വ്യവസ്ഥ പ്രകാരം നൽകുന്ന ജോലി അസാധുവാകുന്നതായിരിക്കും.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**പാറ്റ്സി സ്റ്റീഫൻ**
ഗവ. ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. മിഥുൻ. എം.കെ (ലക്ഷ്മീനാരായണാലയം, വേട്ടുമ്മൽ, തൂണേരി. പി.ഒ, കോഴിക്കോട് - 673 505)
(രജിസ്റ്റേഡ് തപാൽ മുഖാന്തിരം)
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം. (എല്ലാ രേഖകളും ഉൾപ്പെടെ)
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട് (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
ജില്ലാ കളക്ടർ, കോഴിക്കോട്.
സെക്രട്ടറി, ചെക്യാട് ഗ്രാമപഞ്ചായത്ത്, പനക്കടവ് പി.ഒ, കോഴിക്കോട്.
(പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
ഡയറക്ടർ, ഐ. കെ. എം. (സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്. (ഫയൽ നം. 442/ഇപിഎ 3/2015/തസ്വഭവ)

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ